# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2613** **12.03.2018-ൽ മറുപടിക്ക്**

**റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളവും മറ്റ ആനുകൂല്യങ്ങളും**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | പ്രൊഫ: സി. രവീന്ദ്രനാഥ് <br> (വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| എ) പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷി ക്കാരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന എത്ര റിസോഴ്സ് അദ്ധ്യാപകർ കേരളത്തിലുണ്ടെന്ന് ജില്ല തിരിച്ച വ്യക്തമാക്കാമോ ; | എ) എസ്. എസ്. എ. മുഖേനെ 1 മുതൽ , 8 ക്ലാസുകളിലെയും, ആർ.എം.എസ്.എ. മുഖേനെ 9 മുതൽ 12 വരെ ക്ലാസ്സുകളിലെ യും ഭിന്നശേഷിക്കാ രയ വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കുന്നതിനായി വിവിധ ജില്ലകളിൽ നിലവിലുള്ള റിസോഴ്സ് അധ്യാപകരുടെ എ ണ്ണം അനുബന്ധമായി ചേർക്കുന്നു. |
| ബി) ഈ അദ്ധ്യാപകരുടെ ശമ്പളവും മറ്റ ആനുകൂല്യങ്ങളും എന്താണെന്ന് വിശദമാക്കാമോ ; ഇവർക്ക് എല്ലാ മാസവും മുടങ്ങാതെ ശമ്പളം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; | ബി) ആർ.എം.എസ്.എ.മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അധ്യാപകരുടെ ശമ്പളം പ്രതിമാസം 28,815/- (ഇരുപത്തി എണ്ണായിരത്തി എണ്ണൂറ്റി പതിനഞ്ച്) രൂപയാണ് 2017 നവംബർ മാസം വരെയുള്ള ശമ്പളം നൽ കിയിട്ടുണ്ട്. എസ്.എസ്.എ. മുഖേനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർക്ക് 19,800/ (പത്തൊൻപതിനായിരത്തി എണ്ണൂറ്) രൂപയാണ് പ്രതിമാസ ശമ്പളം. ഇവർക്ക് ശമ്പളം മുടങ്ങാതെ നൽകി വരുന്നു. |
| സി) ഇവർക്കു എത്ര മാസത്തെ ശമ്പളം കുടിശ്ശിക ഉണ്ടെന്നും അതിനുള്ള കാരണ മെന്താണെന്നും വ്യക്തമാക്കാമോ; | സി) ആർ.എം.എസ്.എയുടെ കീഴിലുള്ള റിസോഴ്സ് അധ്യാപകർക്ക് മൂന്ന് മാസത്തെ ശമ്പള കുടിശ്ശികയാ ണുള്ളത്. ഐ.ഇ.ഡി.എസ്.എസ് പദ്ധതിയുടെ കേന്ദ്രവിഹിതം അനുവദിക്കുമ്പോൾ അതിന് ആനുപാ തികമായ സംസ്ഥാന വിഹിതവും ചേർത്താണ് ഐ.ഇ.ഡി.എസ്.എസ് അധ്യാപകരുടെ ശമ്പളവും ഇതര ഇനങ്ങളിലുള്ള ചെലവും നിർവ്വഹിക്കുന്നത്. ഐ.ഇ.ഡി.എസ്.എസ് പദ്ധതിയുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിലാണ് കുടിശ്ശികയുണ്ടായത്. |

| | | | |
|---|---|---|---|
| ഡി) | കേന്ദ്രാവിഷ്കൃതമായ ഐ ഇ ഡി എസ് എസ് (ഇൻക്ലൂസീവ് എജ്യൂക്കേഷൻ ഫോർ ഡിസേബിൾഡ് അറ്റ് സെക്കണ്ടറി സ്റ്റേജ്) പദ്ധതി ഫണ്ടിൽ നിന്നാണോ ഈ അധ്യാപകർക്ക് ശമ്പളം നൽകുന്നതെന്ന് വ്യക്തമാക്കാമോ;എങ്കിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ ; | ഡി) | അതെ, ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയ്ക്ക് 2017-18 സാമ്പത്തിക വർഷം എം.എച്ച്.ആർ.ഡി അംഗീകരിച്ച കേന്ദ്ര വിഹിതം 2173.422(ഇരുപത്തി ഒന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപ) ലക്ഷം രൂപയും സംസ്ഥാന വിഹിതം 1448.948 (പതിനാല് കോടി നാല്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ് രൂപ) ലക്ഷം രൂപയുമാണ്. |
| ഇ) | മുൻവർഷങ്ങളിലെ ഫണ്ട് വിനിയോഗക്കണക്ക് യഥാസമയം കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് സംസ്ഥാനത്ത് നിന്ന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ഇ) യും എഫ്) ഉം | ഡി.പി.ഐയിൽ നിന്ന് ഐ.ഇ.ഡി.എസ്.എസ് -ന്റെ നിർവ്വഹണ ചുമതല ആർ.എം.എസ്.എയ്ക്ക് കൈമാറിയത് 2015-16 വർഷം മുതലാണ്. ഈ രണ്ടു വർഷങ്ങളിലെ വിനിയോഗ കണക്ക് ആർ.എം. എസ്.എയിൽ നിന്ന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന് കൈമാറിയിട്ടുണ്ട്. നാളിതു വരെ ആദ്യ ഗഡുവായി കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെ 506.75 (അഞ്ച് കോടി ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ )ലക്ഷം രൂപ മാത്രമേ അനുവദിച്ചു കിട്ടിയിട്ടുള്ളൂ. ബാക്കി തുകയായ 3115.62(മുപ്പത്തി ഒന്ന് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തി രണ്ടായിരം) ലക്ഷം രൂപ ലഭിക്കാനുണ്ട്. |
| എഫ്) | കേന്ദ്ര ഫണ്ട് കൃത്യസമയത്ത് കിട്ടാറുണ്ടോ എന്നും ഇപ്പോൾ എത്ര തുക കിട്ടാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ; ഫണ്ട് വിനിയോഗക്കണക്ക് നൽകാത്തതാണോ കേന്ദ്ര ഫണ്ട് വൈകുന്നതിന് കാരണമാകുന്നത് ;വിശദമാക്കുമോ; | | |
| ജി) | പത്ത് വർഷം പൂർത്തീകരിച്ച റിസോഴ്സ് അധ്യാപകരെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്നും അധ്യാപകരുടെ സേവനവേതന വ്യവസ്ഥ നിജപ്പെടുത്താൻ പ്രത്യേക സ്കീം തയ്യാറാക്കണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ആവശ്യപ്പെട്ടതെന്നും എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ? | ജി) | ബഹു: ഹൈകോടതിയുടെ 30.06.2016 ലെ വിധിയിൽ 10 വർഷം പൂർത്തീകരിച്ച റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിനും, അവരുടെ സേവന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുമായി ഒരു സ്കീം തയ്യാറാക്കണമെന്ന് പ്രസ്താവിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ സർക്കാർ അപ്പീൽ അപേക്ഷ ബഹു: ഹൈകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### എസ്.എസ്.എ., ആർ.എം.എസ്.എ. മുഖേന നിയമിതരായ റിസോഴ്സ് അദ്ധ്യാപകരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ

| ജില്ല | എസ്.എസ്.എ.മുഖേന | ആർ.എം.എസ്.എ. മുഖേന |
|---|---|---|
| തിരുവനന്തപുരം | 53 | 102 |
| കൊല്ലം | 50 | 63 |
| പത്തനംതിട്ട | 16 | 38 |
| ആലപ്പുഴ | 46 | 36 |
| കോട്ടയം | 21 | 56 |
| ഇടുക്കി | 2 | 29 |
| എറണാകുളം | 44 | 77 |
| തൃശ്ശൂർ | 50 | 67 |
| പാലക്കാട് | 29 | 62 |
| കോഴിക്കോട് | 22 | 75 |
| മലപ്പുറം | 47 | 121 |
| വയനാട് | 5 | 24 |
| കണ്ണൂർ | 18 | 75 |
| കാസർഗോഡ് | 5 | 28 |
| കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. മുഖേന നിയമിച്ച 75 റിസോഴ്സ് അദ്ധ്യാപകർക്ക് പുറമെ 7 റിട്രഞ്ച്ഡ് അദ്ധ്യാപകരെക്കൂടി റിസോഴ്സ് അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ട് | | 7 |
| ആകെ | 408 | 860 |